(സി) കൊല്ലം വനിത ഐ. ടി. ഐ.-യിൽ ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് കോഴ്സ് 2004-ൽ ആരംഭിച്ചു. കഴക്കൂട്ടം വനിതാ ഐ.ടി.ഐ.യിൽ 2005-ൽ ആരംഭിക്കുന്നതാണ്.

(ഡി) 'ഹോസ്പിറ്റൽ ഹൗസ്കീപ്പിംഗ്' കോഴ്സിലെ അദ്ധ്യാപകർക്ക് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്:

1. ഫിസിയോളജി, ബയോ സയൻസ്, പബ്ലിക് ഹെൽത്ത് എന്നി കോഴ്സുകളിൽ ഡിഗ്രി/ഡിപ്ലോമ ബിരുദം.

അല്ലെങ്കിൽ

2. പ്രസ്തുത ട്രേഡിലെ നാഷണൽ അപ്രൻറിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി.).

അല്ലെങ്കിൽ

3. പ്രസ്തുത ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി.).

ഉടുമ മണ്ഡലത്തിൽ ഐ.ടി.ഐ.

84 [2221] ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ഐ ടി. ഐ. അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഐ. ടി. ഐ. തുടങ്ങാൻ ആവശ്യമായ സ്ഥലവും താൽക്കാലിക ബിൽഡിംഗും പ്രാഥമിക ചെലവിനത്തിലുള്ള ഫണ്ടും നൽകാമെന്ന് സ്ഥലം എം. എൽ. എ.-യും പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തും അറിയിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉദുമ മണ്ഡലത്തിൽ ഒരു പുതിയ ഐ. ടി. ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

സർവ്വീസിലിരിക്കെ മരണപ്പെട്ട എം. കെ. വിജയന്റെ ഭാര്യക്ക് ഫാമിലി പെൻഷനും ആശ്രിത നിയമനവും നൽകുന്നതിന് നടപടി

85 [2222] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഐ. ടി. ഐ. സീനിയർ ഇൻസ്ട്രക്ടർ എം. കെ. വിജയൻ സർവ്വീസിലിരിക്കെ മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly